# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | New market to be found for selling fish : Union Minister |
| 2 | Name of the publication | Malayala Manorama |
| 3 | Page no | 2 |
| 4 | Date | 10-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Kozhikode |



സാഗർ പരിക്രമ യാത്രയുടെ ഭാഗമായി കോഴിക്കോട്ടു സംഘടിപ്പിച്ച മത്സ്യത്തൊഴിലാളി സംഗമത്തിൽ കേന്ദ്രമന്ത്രി പർഷോത്തം രൂപാല മന്ത്രി സജി ചെറിയാനൊപ്പം. മേയർ ബീന ഫിലിപ്, മന്ത്രി എ.കെ. ശശീന്ദ്രൻ, ബിജെപി ജില്ലാ പ്രസിഡന്റ് വി.കെ.സജീവൻ, സവിത ബെൻ രൂപാല, കേന്ദ്രമന്ത്രി എം. മുരുകൻ തുടങ്ങിയവർ സമീപം. ചിത്രം: മനോരമ

## മത്സ്യവിൽപനയ്ക്ക് പുതുവിപണി കണ്ടെത്തും: കേന്ദ്രമന്ത്രി

- കേരളത്തെ കടൽ ഖനനത്തിൽനിന്ന് ഒഴിവാക്കണമെന്ന് മന്ത്രി സജി ചെറിയാൻ

കോഴിക്കോട്● കാർഷിക വിപണിക്കു സമാനമായി മത്സ്യ വിഭവങ്ങളുടെ വിൽപന വിപുലപ്പെടുത്താൻ വിപണി കണ്ടെത്തുമെന്ന് കേന്ദ്രമന്ത്രി പർഷോത്തം രൂപാല പറഞ്ഞു. സാഗർ പരിക്രമ യാത്രയുടെ ഭാഗമായി നടത്തിയ ഗുണഭോക്തൃ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന വഴി തീരദേശ മേഖലയ്ക്കായി കേന്ദ്രം കോടികളുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. കിസാൻ ക്രെഡിറ്റ് കാർഡ് സംവിധാനം പോലെ ഫിഷർമാൻ ക്രെഡിറ്റ് കാർഡ് സംവിധാനം ഏർപ്പെടുത്തും. മത്സ്യത്തൊഴിലാളികൾക്കിടയിലെ പോഷകാഹാര ന്യൂനതകൾ പരിഹരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രി സജി ചെറിയാൻ അധ്യക്ഷനായിരുന്നു. ആഴക്കടൽ മത്സ്യബന്ധനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന് കൂടുതൽ യന്ത്രവൽകൃത യാനങ്ങൾ കേന്ദ്രം അനുവദിക്കണമെന്ന് അദ്ദേഹം പറഞ്ഞു. വനാമി മത്സ്യകൃഷി വികസിപ്പിക്കാൻ സഹായം വേണം. സുനാമി ബാധിത പ്രദേശങ്ങളിൽ നിർമിച്ച പതിനായിരം വീടുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് കേന്ദ്രം ഫണ്ട് അനുവദിക്കണം. മത്സ്യബന്ധന ബോട്ടുകൾ മണ്ണെണ്ണ എൻജിനിൽ നിന്നു എൽപിജി, ഡീസൽ എന്നിവയിലേക്ക് മാറാൻ വേണ്ട സഹായങ്ങളും കേന്ദ്രം നൽകണം. കേന്ദ്രസർക്കാർ കടൽ ഖനനത്തിൽ നിന്നു കേരളത്തെ ഒഴിവാക്കണമെന്നും മന്ത്രി പറഞ്ഞു.

കേന്ദ്ര സഹമന്ത്രി ഡോ. എൽ.മുരുകൻ, മന്ത്രി എ.കെ.ശശീന്ദ്രൻ, തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ, മേയർ ബീന ഫിലിപ്പ്. കലക്ടർ എ.ഗീത, സബ് കലക്ടർ വി.ചെൽസാസിനി, ഫിഷറീസ് അഡീഷനൽ ഡയറക്ടർ എൻ.എസ്.ശ്രീലു, ഹൈദരാബാദ് നാഷനൽ ഫിഷറീസ് ഡിപ്പാർട്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് സി.സുവർണ, ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ബി.കെ.സുധീർ കിഷൻ, ഗവ ആർട്സ് ആൻഡ് സയൻസ് കോളജ് അസോ. പ്രഫസർ ഡോ. പി.പ്രിയ എന്നിവർ പ്രസംഗിച്ചു.

മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങളുടെ വിതരണവും കേന്ദ്ര മന്ത്രി നിർവഹിച്ചു. തിരുവാതിര, കളരിപ്പയറ്റ്, മോഹിനിയാട്ടം, ഒപ്പന തുടങ്ങി വിവിധ കലാപരിപാടികളും അരങ്ങേറി.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Modi gives special importance to Fisheries sector : Union Minister |
| 2 | Name of the publication | Mathrubhumi |
| 3 | Page no | 5 |
| 4 | Date | 10-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Kozhikode |

## മത്സ്യബന്ധനമേഖലയ്ക്ക് മോദി പ്രത്യേക പ്രാധാന്യം നൽകി -കേന്ദ്രമന്ത്രി




കോഴിക്കോട് ബീച്ചിലെ സമുദ്രാ ഓഡിറ്റോറിയത്തിൽ സാഗർപരിക്രമയാത്രയുടെ ഭാഗമായി നടന്ന മത്സ്യത്തൊഴിലാളി സംഗമത്തിൽ പങ്കെടുക്കാനെത്തിയ കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല പരിപാടികളിൽ ഒപ്പന അവതരിപ്പിച്ച കലാകാരികളെ അഭിനന്ദിക്കുന്നു. കേന്ദ്രമന്ത്രിയുടെ ഭാര്യ സവിതാ ബെൻ രൂപാല, മന്ത്രി സജി ചെറിയാൻ, കേന്ദ്ര ഫിഷറീസ് സഹമന്ത്രി ഡോ. എൽ. മുരുകൻ എന്നിവർ സമീപം

**കോഴിക്കോട്** ▸ മത്സ്യബന്ധന മേഖലയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രത്യേക പ്രാധാന്യമാണ് നൽകുന്നതെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല. 'സാഗർ പരിക്രമ യാത്ര'യുടെ ഭാഗമായി നടന്ന മത്സ്യത്തൊഴിലാളി സംഗമം ഭട്ട് റോഡ് ബീച്ചിലെ സമുദ്ര ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മോദി അധികാരത്തിലെത്തിയശേഷം ഫിഷറീസ് സ്വതന്ത്രമന്ത്രാലയമാക്കിയത് അതിന് തെളിവാണ്. മത്സ്യബന്ധനമേഖലയിലെ അടിസ്ഥാനസൗകര്യം വർധിപ്പിക്കാൻ നിരവധി പദ്ധതികളാണ് നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

'കേരളത്തിൽ ട്രോളിങ് തുടങ്ങിയ ദിവസമാണ് ഞാൻ എത്തിയത്. അതുകൊണ്ട് എനിക്കത് നേരിട്ട് കാണാനും അനുഭവിക്കാനുമായി. കടലിലൂടെ സഞ്ചരിക്കുമ്പോഴും നൂറുകണക്കിന് ബോട്ടുകരം നിർത്തിയിട്ടത് കണ്ടു. മത്സ്യത്തൊഴിലാളികളുടെ ആശങ്കകരം നേരിട്ട് കേൾക്കുകയും ചെയ്തു -മന്ത്രി പറഞ്ഞു.

മത്സ്യത്തൊഴിലാളികളുമായും തീരദേശവാസികളുമായും സംവദിക്കാനും അവരുടെ പ്രശ്നങ്ങൾ കേൾക്കാനുമായാണ് മന്ത്രി പർഷോത്തം രൂപാല 'സാഗർ പരിക്രമയാത്ര' നടത്തുന്നത്.

മത്സ്യകർഷകരെ ആദരിക്കൽ, കെ.സി.സി. കാർഡ് വിതരണം, പി.എം.എം.എസ്.വൈ ആനുകൂല്യവിതരണം എന്നിവയും ചടങ്ങിൽ നടന്നു. മന്ത്രി സജി ചെറിയാൻ അധ്യക്ഷനായി.

കേന്ദ്ര ഫിഷറീസ് സഹമന്ത്രി എൽ. മുരുകൻ, മന്ത്രി എ.കെ. ശശീന്ദ്രൻ, മേയർ ബീനാ ഫിലിപ്പ്, തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ., കളക്ടർ എ. ഗീത, കൗൺസിലർമാരായ എം.കെ. മഹേഷ്, പി. പ്രസീന, സി.പി. സുലൈമാൻ, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് സി. സുവർണ, ഫിഷറീസ് അഡീഷണൽ ഡയറക്ടർ സി. ശ്രീറു തുടങ്ങിയവർ സംസാരിച്ചു. കലാപരിപാടികളുമുണ്ടായി.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Central assistance for development of Mahe harbour : Parshotham Rupala |
| 2 | Name of the publication | Kerala Kaumudi |
| 3 | Page no | 19 |
| 4 | Date | 10-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Kozhikode |



## മാഹി ഹാർബർ നവീകരണത്തിന് കേന്ദ്ര സഹായം: പർഷോത്തം രൂപാല

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Union Minister Parshotham Rupala accepting memorandum at the beneficiary meet organised as part of Sagar Parikrama |
| 2 | Name of the publication | Janmabhumi |
| 3 | Page no | 1 |
| 4 | Date | 10-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |



സാഗര പരിക്രമ യാത്രയുടെ ഭാഗമായി കോഴിക്കോട് ഭട്ട് റോഡിലെ സമുദ്ര ഓഡിറ്റോറിയത്തിൽ ചേർന്ന
ഗുണഭോക്തൃ സംഗമത്തിൽ കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല നിവേദനം സ്വീകരിക്കുന്നു

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Beneficiary meet as part of Sagar Parikrama Yatra |
| 2 | Name of the publication | Deshabhimani |
| 3 | Page no | 2 |
| 4 | Date | 10-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Kozhikode |

## ബേപ്പൂർ ഫിഷിങ് ഹാർബർ നവീകരണം പരിഗണനയിൽ: കേന്ദ്രമന്ത്രി

ഫറോക്ക്

ബേപ്പൂർ ഫിഷിങ് ഹാർബറിന്റെ സമഗ്ര വികസനത്തിന് 85 കോടിയുടെ പദ്ധതി പരിഗണനയിലുണ്ടെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല പറഞ്ഞു. കേന്ദ്രമന്ത്രിയുടെ നേതൃത്വത്തിൽ 'സാഗർ പരിക്രമ യാത്ര'യുടെ ഭാഗമായി ബേപ്പൂർ ഹാർബറിൽ മന്ത്രിമാരായ സജി ചെറിയാൻ, പി എ മുഹമ്മദ് റിയാസ്, തൊഴിലാളി സംഘടനാപ്രതിനിധികൾ, മത്സ്യത്തൊഴിലാളികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി നടത്തിയ ചർച്ചകൾക്കുശേഷമാണ് കേന്ദ്രമന്ത്രി ഇക്കാര്യം അറിയിച്ചത്. ഹാർബറിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതിരേഖ മന്ത്രിമാർ കേന്ദ്രമന്ത്രിക്ക് കൈമാറി. വിവിധ സംഘടനാ പ്രതിനിധികളും നിവേദനങ്ങൾ നൽകി.



'സാഗർ പരിക്രമ യാത്രാ' സ്വീകരണത്തിൽ കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല സംസാരിക്കുന്നു. മന്ത്രിമാരായ സജി ചെറിയാൻ, പി എ മുഹമ്മദ് റിയാസ് എന്നിവർ സമീപം

ബേപ്പൂർ തുറമുഖ വികസന പദ്ധതിയിൽ കേന്ദ്ര സർക്കാർ വേഗത്തിൽ നടപടി സ്വീകരിക്കും. തീരമേഖലയിൽ മികച്ച രീതിയിലാണ് സംസ്ഥാന സർക്കാർ ഇടപെടുന്നതെന്ന് പറഞ്ഞ കേന്ദ്രമന്ത്രി ഇക്കാര്യത്തിൽ മുഖ്യമന്ത്രിയെയും മന്ത്രിമാരെയും അഭിനന്ദിച്ചു. മാഹിയിൽ 12 വർഷമായിട്ടും ഹാർബർ പ്രവൃത്തി എങ്ങുമെത്തിയില്ലെന്നും അയൽക്കാർ എന്ന നിലയിൽ കേരളം സാങ്കേതികമായി അവരെ സഹായിക്കണമെന്നും മന്ത്രി പറഞ്ഞു.

കേന്ദ്രമന്ത്രിയെയും പത്നിയെയും ഹാർബർ കവാടത്തിൽ വാദ്യഘോഷങ്ങളോ ടെ സ്വീകരിച്ചു. കേന്ദ്ര ഫിഷറീസ് സെക്രട്ടറി ഡോ. അഭിലാഷ് ലിഖി, സംസ്ഥാന ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസ്, കലക്ടർ എ ഗീത, അസി. കലക്ടർ സി ചെൽസ സിനി, ഹാർബർ എൻജിനിയർ എം എ അൻസാരി, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരായ അനിൽകുമാർ, ബി കെ സുധീർ കിഷൻ തുടങ്ങിയവർ പങ്കെടുത്തു.

## തീരദേശ സദസ്സ് മാതൃക: കേന്ദ്രമന്ത്രി

കോഴിക്കോട്

സംസ്ഥാന സർക്കാരിന്റെ തീ
രദേശ സദസ്സിന് കേന്ദ്ര ഫിഷ
റീസ് മന്ത്രി പർഷോത്തം രൂപാ
ലയുടെ അനുമോദനം. സമു
ഓഡിറ്റോറിയത്തിൽ സംഘടി
പ്പിച്ച സാഗർ പരിക്രമ യാത്ര
ഗുണഭോക്തൃ സംഗമത്തില
ണ് മന്ത്രി അനുമോദിച്ചത്.

മത്സ്യത്തൊഴിലാളികളു
ടെ പ്രശ്നങ്ങൾ മനസ്സില
ക്കാൻ സംസ്ഥാനത്തെ 4
മണ്ഡലങ്ങളിൽ തീരദേശ സ
സ്സ് നടത്തിയത് മാതൃകാപ
മാണ്. കേന്ദ്ര സർക്കാർ സ
ഗർ പരിക്രമയാത്രയും ഇ
ഉദ്ദേശ്യത്തിലാണ് നടത്തുന്ന
ത്. അതിലേക്ക് പുതിയ പദ്ധ
തികൾ കൂട്ടിച്ചേർക്കണമെ
ന്നും മന്ത്രി പറഞ്ഞു.